**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2769** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഹരിത ഊർജ്ജ വരുമാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഹരിത ഊർജ്ജ വരുമാന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതിനകം എത്ര വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ; | (എ) | ഹരിത ഊർജ്ജ വരുമാന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതിനകം 1020 വീടുകളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഹരിത ഊർജ്ജ ഉൽപാദനത്തിന്റെ ആനുകൂല്യങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിൽ ഹരിത ഊർജ്ജ വരുമാന പദ്ധതി എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കാമോ ? | (ബി) | പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തി അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിനായി അനെർട്ട്ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത ഊർജ്ജ വരുമാന പദ്ധതി. ഇതിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ പദ്ധതിപ്രകാരം നിർമ്മിച്ച 715 വീടുകളിൽ 2kW ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും പട്ടികജാതി വകുപ്പ് നിർമ്മിച്ചു നൽകിയ 305 വീടുകളിൽ 3kW ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും (പട്ടികജാതി വകുപ്പിന്റെ ധനസഹായത്തോടെ) അനെർട്ട് സൗജന്യമായി സ്ഥാപിച്ചു നൽകി. കേന്ദ്ര സർക്കാരിന്റെ 40% സബ്സിഡി തുകയും ബാക്കി തുക സംസ്ഥാന സർക്കാരിന്റെ വികസന ഫണ്ടിൽ നിന്നും ഉപയോഗിച്ചുമാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി നടപ്പിലാക്കിയതിന് കേന്ദ്രവിഹിതമായി 4,55,83,040/- രൂപയും സംസ്ഥാന വിഹിതമായി 10,90,44,450/- രൂപയും ചെലവഴിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം കൂടുതൽ വീടുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഈ പദ്ധതിയിലൂടെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച വീടുകളിലെ ഗുണഭോക്താക്കൾക്ക് പ്രതിവർഷം ഏകദേശം 6,000/- രൂപ മുതൽ 10,000/- രൂപ വരെ അധിക വരുമാനം ലഭിക്കുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ